(സി) ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് മേൽപാലങ്ങളോ സബ്‌വേകളോ നിർമ്മിച്ച് റോഡ് മുറിച്ച് കടക്കേണ്ട കാൽനടയാത്രക്കാർക്ക് സംരക്ഷണം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിന്റെ പ്രാധാന്യം പരിഗണിച്ച് ഇവയുടെ നിർമ്മാണം സമയപരിധി വച്ച് പൂർത്തിയാക്കാൻ നടപടിയെടുക്കുമോ ?

മരാമത്തു വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, (എ,ബി,സി ആന്റ് ഡി) നഗര റോഡുകളിൽ വാഹന ബാഹുല്യം കാരണം കാൽനടയാത്രക്കാർക്ക് നീളത്തിലും കുറുകെയും നടക്കുന്നതിനുള്ള ബുദ്ധിമുട്ടുകളുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഫുട്പാത്ത്, ജംഗ്ഷൻ ക്രോസിംഗുകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു റോഡുവികസന പ്രോജക്ടിന് രൂപം കൊടുത്തുകഴിഞ്ഞു. മറ്റ് നഗരങ്ങളിലും ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിന് പരിശ്രമിക്കുന്നതാണ്.

റോഡ് സുരക്ഷ ലക്ഷ്യമാക്കി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ

2 (*633) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷ ലക്ഷ്യമാക്കി സർക്കാർ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് പ്രധാന ജംഗ്ഷനുകളിൽ പലയിടത്തും ട്രാഫിക് സിഗ്നലുകളും ട്രാഫിക് നിയന്ത്രണ ബോർഡുകളും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) സന്നദ്ധസംഘടനകളെക്കൂടി ഉൾപ്പെടുത്തി ജനങ്ങളെ റോഡ് സുരക്ഷയെപ്പറ്റി കൂടുതൽ ബോധവാൻമാരാക്കാൻ നടപടി സ്വീകരിക്കുമോ ?

മരാമത്തു വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, (എ) റോഡുകളിൽ അപകടകരമായ രീതിയിൽ സ്ഥിതി ചെയ്യുന്ന വളവുകൾ നിവർത്തി വീതികൂട്ടുക, യാത്രക്കാർക്ക് റോഡുകൾ മുറിച്ച് കടക്കുന്നതിനുള്ള ഭാഗങ്ങളിൽ സീബ്രാ ലൈനുകൾ അടയാളം ചെയ്യുക, ഫ്ളൈ ഓവറുകൾ, സബ്‌വേകൾ എന്നിവ നിർമ്മിക്കുക, ഫുട്പാത്തുകളിലെ അനധികൃത കയ്യേറ്റം തടയുക എന്നീ കാര്യങ്ങളാണ് പ്രധാനമായും മുൻകരുതലുകളായി സ്വീകരിക്കുന്നത്. വാഹനങ്ങളുടെ വേഗത നിയന്ത്രണം സംബന്ധിച്ച് സർക്കാർ വിജ്ഞാപനം

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിച്ചിട്ടുണ്ട്. വേഗതാപരിധി സൂചിപ്പിക്കുന്ന ബോർഡുകളും, ട്രാഫിക് സിഗ്നലുകളും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പൊതുജന ബോധവൽക്കരണത്തിനായി ക്ലാസുകൾ, സെമിനാറുകൾ, ട്രാഫിക് വാരാചരണം എന്നിവ നടത്താറുണ്ട്.

(ബി&സി) സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികളെടുത്തുവരുന്നു.

(ഡി) റോഡുസുരക്ഷ പദ്ധതിയിൽ നോൺ ഗവൺമെന്റ് ഓർഗനൈസേഷനെ (N.G.O.) ഉൾപ്പെടുത്തി ബോധവൽക്കരണ നടപടികളും ആവിഷ്ക്കരിച്ചുവരികയാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, പ്രധാന നഗരങ്ങളിലൊക്കെ നേരത്തെ നിർമ്മിച്ച സബ്വേകൾ ഇന്ന് നിലവിലുണ്ട്. ആ സബ്വേകൾ പല സ്ഥലങ്ങളിലും വെള്ളം കെട്ടിനിന്നും, ദിവസേനയുള്ള ക്ലീനിംഗ് ഇല്ലാത്തതുകൊണ്ടും കാൽനടയാത്രക്കാർ ഉപയോഗിക്കാത്തതിനാലും യാചകരുടേയും സാമൂഹ്യവിരുദ്ധരുടേയും സ്ഥിരം വിഹാരകേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. ഈ ശോചനീയാവസ്ഥ പരിഹരിക്കാൻ ശക്തവും കർശനവുമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, സബ്വേകളിലുണ്ടാകുന്ന ഇതുപോലെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത കയ്യേറ്റം നടത്തിയ ആളുകൾക്ക് അല്ലെങ്കിൽ അവിടെ കയറി താമസിക്കുകയുമൊക്കെ ചെയ്യുന്നവരെ ബോധവൽക്കരിക്കുന്നതിന് വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, ട്രാഫിക് സിഗ്നലുകൾ സാധാരണ വൈദ്യുതി ഉപയോഗിച്ചുകൊണ്ടാണ് പ്രവർത്തിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ പല സ്ഥലങ്ങളിലും വൈദ്യുതി ഇല്ലാതാകുമ്പോൾ ട്രാഫിക് സിഗ്നലുകളുടെ പ്രവർത്തനം നിലച്ചുപോകുന്നു. സോളാർ വൈദ്യുതി ഉപയോഗിച്ചുകൊണ്ട് ട്രാഫിക് സിഗ്നലുകൾ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിച്ചാൽ സ്ഥിരമായി അത് പ്രവർത്തിപ്പിക്കാനുള്ള സൗകര്യമുണ്ടാകും. ഇക്കാര്യം ശ്രദ്ധിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : അടുത്ത കാലത്തായി സോളാർ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന സംവിധാനം കേരളത്തിൽ വ്യാപകമാക്കി വരികയാണ്. കൂടുതലും അങ്ങനെ തന്നെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. സി. മോയിൻകുട്ടി : സർ, നമ്മുടെ നഗരങ്ങളിൽ വന്നിച്ച തോതിലുള്ള വാഹന വർദ്ധനവ് വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇതുകാരണം റോഡ് മുറിച്ച് കടക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഈ ബുദ്ധിമുട്ട് പരിഗണിച്ചുകൊണ്ട് ഹൈവേകളിൽ സമയബന്ധിതമായി മേൽപാലങ്ങളും സബ്വേകളും നിർമ്മിക്കുന്നതിന് വേണ്ടിയുള്ള വല്ല പരിപാടികളും ഇന്ന് സർക്കാരിന്റെ പരിഗണനയിലുണ്ടോ; അത് സംബന്ധിച്ചുള്ള മുൻഗണനാലിസ്റ്റ് സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; അത് സംബന്ധിച്ച് പഠിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, ആദ്യപടിയായി തലസ്ഥാന നഗരത്തിന്റെ വികസനത്തിന്റെ ഭാഗമായി തിരക്കേറിയ സ്ഥലങ്ങളിൽ graded seperator-കൾ, പാളയത്ത് സബ്‌വേ മുതലായവ നിർമ്മിക്കുന്നതിന് നടപടി എടുത്തുവരുന്നു. ഒക്ടോബർ മാസത്തിൽ ഇതിന്റെ പണി തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തലസ്ഥാന നഗരത്തിൽ നടപ്പിലാക്കിയ ശേഷം മറ്റ് നഗരങ്ങളിലും ഇതുപോലെയുള്ള പ്രവർത്തനങ്ങൾ നടത്താൻ പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. സി. മോയിൻകുട്ടി : സർ, ഈ ബുദ്ധിമുട്ട് പരിഗണിച്ച് പാലങ്ങളുടേയും സബ്‌വേകളുടേയും പണി പൂർത്തീകരിക്കുന്നതിന് മുമ്പായി പോലീസിന്റെ പരിപൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടിക്ക് രൂപകൽപന നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ: സർ, പോലീസിന്റെ സഹായം ആവശ്യപ്പെട്ട സ്ഥലങ്ങളിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ട്രാഫിക് പോലീസിന്റെ സഹകരണം കൂടുതൽ ആവശ്യമാണ്. അതിന് പോലീസ് വകുപ്പുമായും റവന്യൂ വകുപ്പുമായും പൊതുമരാമത്ത് വകുപ്പ് ഏകോപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ഇന്ത്യയിൽ 600 ലക്ഷം വാഹനങ്ങളുള്ളതിൽ 22 ലക്ഷവും കേരളത്തിലാണ്. ഇവിടെ മൂന്നേകാൽ കോടി ജനങ്ങളാണുള്ളത്. ഇതുതന്നെ നമുക്ക് ധാരാളം അപകടങ്ങളുണ്ടാക്കുകയാണ്. നാഷണൽ ഹൈവേയിലാണ് കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത്. ഈ സാഹചര്യത്തിൽ നാഷണൽ ഹൈവേയിലെ അപകടങ്ങൾ തടയാൻ വല്ല സംവിധാനവും സർക്കാർ ഉണ്ടാക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, നാഷണൽ ഹൈവേകളിൽ ഇത്തരത്തിലുള്ള അപകടങ്ങൾ തടയുന്നതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് വാഹനങ്ങളുടെ വേഗത നിയന്ത്രിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് നടപ്പിലാക്കുന്നതിന് പ്രത്യേക നിബന്ധനകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്പീഡ് നിയന്ത്രണത്തിലുള്ള നിയമം ലംഘിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കാൻ ഹൈവേ പട്രോൾ പോലീസ് പല പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, 1969-ൽ 73,500 കിലോമീറ്റർ ദൈർഘ്യമുണ്ടായിരുന്ന നമ്മുടെ റോഡുകളുടെ ദൈർഘ്യം ഇപ്പോൾ 1,24,000 കിലോമീറ്ററായി. 30 വർഷംകൊണ്ട് വാഹനങ്ങൾ ഏറെക്കുറെ 27 ഇരട്ടിയായി വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ റോഡുകളുടെ ദൈർഘ്യം കൂട്ടിക്കൊണ്ട് അപകടങ്ങൾ ചുരുക്കാൻ കഴിയുമോ ; അടുത്ത കാലത്തായി വാഹനങ്ങളുടെ എണ്ണവും വേഗതയും വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെ പോയാൽ നമുക്ക് ഊഹിക്കാവുന്നതിലും അപ്പുറമായിരിക്കും വാഹനങ്ങളുടെ വേഗത. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, റോഡുകളുടെ ദൈർഘ്യം വർദ്ധിപ്പിക്കുക, ബൈപ്പാസുകൾ ഏർപ്പെടുത്തുക തുടങ്ങിയ പ്രത്യേക നിർദ്ദേശങ്ങളടങ്ങിയ പ്രോജക്ട് കേന്ദ്രഗവൺമെന്റിൽ സമർപ്പിക്കുകയും കേന്ദ്രത്തിൽനിന്നും അതിന് അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം ഇക്കാര്യത്തിൽ കേന്ദ്ര അലോട്ടുമെന്റിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതുകൊണ്ട് ഈ വർഷം കൂടുതൽ സഹായം കേന്ദ്രത്തിൽനിന്നും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. യു. സി. രാമൻ : സർ, വാഹനങ്ങളുടെ എണ്ണപ്പെരുപ്പമാണ് കൂടുതൽ വിഷമമുണ്ടാക്കുന്നത്. ഈ അവസ്ഥ പരിഗണിച്ചുകൊണ്ട് പ്രധാനപ്പെട്ട നഗരങ്ങളിൽ സബ്‌വേകളും മേൽപാലങ്ങളും നിർമ്മിക്കുന്നുണ്ട്. പുതിയ മേൽപാലങ്ങളും സബ്‌വേകളും നിർമ്മിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ ; അതുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, തിരുവനന്തപുരത്താണ് ഈ സബ്‌വേ പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇതിന് ശേഷം മറ്റ് നഗരങ്ങളിൽ ഇത് വ്യാപകമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. യു. സി. രാമൻ : സർ, എന്റെ മണ്ഡലത്തിൽ കുന്ദംകുളത്ത് എൻ.എച്ച്. 212-ൽ റോഡ് മുറിച്ച് കടക്കാൻ വിദ്യാർത്ഥികളും നാട്ടുകാരും വളരെയേറെ പ്രയാസം അനുഭവിക്കുകയാണ്. നേരത്തെ അവിടെ ഡിപ്പാർട്ടുമെന്റ് ഒരു പരിശോധന നടത്തിയിരുന്നു. ആ പഠനം എവിടെവരെയെത്തി ; അതുസംബന്ധിച്ച് എന്തെങ്കിലും നടപടി എടുത്തോ എന്ന് ഈ സഭയിൽ വ്യക്തമാക്കാൻ പറ്റുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അതിന്റെ അവസ്ഥ എന്താണെന്നതിനെ കുറിച്ച് അന്വേഷിക്കാം.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, സാധാരണയായി കാൽനടയാത്രക്കാർ റോഡ് ക്രോസ് ചെയ്യാൻ നിൽക്കുകയാണെങ്കിൽ ഡ്രൈവർമാർ അവരെ കടത്തിവിടുന്നതിനുവേണ്ടി വണ്ടി നിർത്തുന്ന സംവിധാനം കേരളത്തിലില്ല. വിദേശനാടുകളിലാണെങ്കിൽ കാൽനടയാത്രക്കാർക്കാണ് മുൻഗണന. ഈ സംവിധാനം കേരളത്തിലും നടപ്പിലാക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്താനും നിയമപരമായ നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, പോലീസിന്റെ സഹായം തേടുന്നതിന് നഗരങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം നഗരത്തിൽ ഇത്തരം സ്ഥലങ്ങളിൽ ട്രാഫിക് പോലീസിന്റെ സഹായം ലഭിക്കുന്നുണ്ട്. മറ്റ് നഗരങ്ങളിലും ഇത് വ്യാപകമായി കഴിഞ്ഞു. ബോധവൽക്കരണത്തിന് വിപുലമായ നടപടികൾ പൊതുമരാമത്ത് വകുപ്പും ട്രാൻസ്പോർട്ട് വകുപ്പും സംയുക്തമായി നടത്തുന്നുണ്ട്. Road Safety Week മാത്രമാണ് യാത്രക്കാരെ ബോധവൽക്കരിക്കുന്നതിനുള്ളത്. സ്കൂളുകളിൽ കുട്ടികളെ ബോധവൽക്കരിക്കുന്നതിന് സി.ഡി., ഓഡിയോ ഇതൊക്കെ തയ്യാറാക്കുന്നുണ്ട്. അതുപോലെ ഡ്രൈവർമാർക്ക്

പ്രത്യേകമായ പരിശീലനം കൊടുക്കാനും സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി റോഡ് സുരക്ഷയെപ്പറ്റി കൂടുതൽ പ്രചരണം നടത്താനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, കേരളത്തിലെ വാഹനങ്ങൾ ഓടുന്ന സുപ്രധാന റോഡുകളിലൂടെ ആളുകൾ നടന്നുപോകുന്നത് ഡ്രൈവർമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് കൂടുതൽ അപകട സാദ്ധ്യതയുമുണ്ടാക്കുന്നു. തിരുവനന്തപുരം പോലെയുള്ള പ്രധാന ടൗണുകളിൽ ഫുട്പാത്തുകളുണ്ട്. ഇതിനനുസൃതമായി മറ്റ് പ്രധാനപ്പെട്ട റോഡുകളിലും ഫുട്പാത്ത് നിർമ്മിക്കുന്നതിനുള്ള നടപടി ഗവൺമന്റ് സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, തിരുവനന്തപരും നഗരത്തിൽത്തന്നെ ഫുട്പാത്ത് പൂർണ്ണമായും കുടിയേറ്റക്കാർ കയ്യേറിയിരിക്കുകയാണ്. അവരേയും അതുപോലെ കടകൾ വെച്ചുകെട്ടിയിരിക്കുന്നവരേയും ഒഴിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ കൂടുതൽ എവിക്ഷനുവേണ്ടി ഒരു Eviction Week നടത്തിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം നഗരത്തിലുള്ളതുപോലെ ഫുട്പാത്ത് മറ്റ് നഗരങ്ങളിലും വ്യാപിപ്പിക്കുമ്പോൾ ഇത് ചെയ്യുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ലിമിറ്റഡ് സ്റ്റോപ്പ് ബസുകളുടെ, പ്രത്യേകിച്ച് പ്രൈവറ്റ് ലിമിറ്റഡ്സ്റ്റോപ്പ് ബസുകളുടെ അപകടകരമായിട്ടുള്ള വേഗത പലപ്പോഴും ഒരുപാട് ജീവഹാനിക്കിടയാക്കിയിട്ടുണ്ട്. അങ്ങനെ പലപ്പോഴും ഈ ലിമിറ്റഡ് സ്റ്റോപ്പു ബസുകൾ വളരെ വേഗത്തിൽ ഓടാനുണ്ടാകുന്ന സാഹചര്യം അവർ പറയുന്നത് പെർമിറ്റുകൾ നൽകുന്നത് പലപ്പോഴും ഒരു മിനിറ്റ് ഒന്നര മിനിട്ട് ഗ്യാപ്പുകളുടെ വ്യത്യാസത്തിൽ മാത്രമാണെന്നാണ്. അപ്പോൾ അങ്ങനെയൊരു സാഹചര്യം നിലനിൽക്കുമ്പോൾ ലിമിറ്റഡ് സ്റ്റോപ്പ് ബസുകൾക്ക് അമിത വേഗതയിൽ ഓടിയേ സാധിക്കൂ എന്നാണ് അവർ പറയുന്നത്. അപ്പോൾ പെർമിറ്റ് കൊടുക്കുന്ന സന്ദർഭത്തിൽ ഒരു മിനിട്ട്, അല്ലെങ്കിൽ അര മിനിട്ട്, ഒന്നര മിനിട്ട് എന്നുള്ള ഗ്യാപ്പ് പുനഃപരിശോധിച്ച് അൽപ്പം കൂടി ഗ്യാപ്പിട്ട് പെർമിറ്റ് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രി ഉത്തരം പറയുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ന്യായമായ ചോദ്യമാണ്. പെർമിറ്റ് നിർബന്ധിതമായി കൊടുത്തേ കഴിയൂ, അങ്ങേക്ക് അറിയാം, ഇവിടെ മോട്ടോർ വാഹന നിയമം അനുസരിച്ച് ചോദിക്കുന്നവർക്കൊക്കെ നാഷണലൈസ്ഡ് അല്ലാത്ത സ്ഥലങ്ങളിലൊക്കെ പെർമിറ്റ് കൊടുക്കണം. അങ്ങനെ പെർമിറ്റ് കൊടുക്കുമ്പോൾ അര മിനിട്ടും പിന്നെ ഒരുമിനിട്ടും, വരും. ഒരു മണിക്കൂറിനിടയ്ക്ക് 60 വണ്ടികൾ തിരിക്കുന്നു എന്നുണ്ടെങ്കിൽ ഒരു മിനിട്ട് അല്ലാതെ അതിന് അപ്പുറത്തേയ്ക്ക് ലഭിക്കുവാൻ ഒക്കില്ല. ഇതൊരു വലിയ പ്രശ്നമാണ്. വളരെ ഗുരുതരമായ പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്. പക്ഷേ പെർമിറ്റ് കൊടുക്കാൻ യാതൊരു ഇടപെടലിനും ഗവൺമെന്റിന് അവകാശമില്ല. It is a judicial process. അതുകൊണ്ട് ആ

LIBRARY ARCHIVES Kerala Legislative Assembly

ജുഡീഷ്യൽ പ്രോസസ്സിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് കൊടുത്തേ തീരൂ എന്നുള്ളതുകൊണ്ട് എത്രയൊക്കെ അഡ്ജസ്റ്റ് ചെയ്യാൻ നോക്കിയാലും സമയത്തിൽ ഈ രീതിയിലേ കൊടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, സ്കൂളുകൾ, കോളേജുകൾ, അങ്ങനെയുള്ള സ്ഥാപനങ്ങളുടെ സമീപത്തു കൂടി വാഹനങ്ങൾ പോകുമ്പോൾ വേഗത കുറച്ചു പോകണം എന്നുള്ള രീതിയിൽ സിഗ്നൽ ബോർഡുകളൊക്കെ വയ്ക്കാറുണ്ട്. ചിലസ്ഥലങ്ങളിൽ ഹമ്പുകളും വയ്ക്കാറുണ്ട്. പക്ഷേ അതു പലപ്പോഴും സാധിക്കാത്ത സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് പലപ്പോഴും പല സ്കൂളുകളിലെ കുട്ടികൾക്കും അപകടം ഉണ്ടാകുന്ന വാർത്തകൾ ഇവിടെ വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകിച്ച് സ്കൂളുകളുടെ അല്ലെങ്കിൽ കോളേജുകളുടെ പരിസരത്തെങ്കിലും ബസുകൾ വേഗത കുറച്ച് ഓടിക്കുന്നതിന് ആവശ്യമായിട്ടുള്ള വളരെ ശക്തമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, തിരുവനന്തപുരം നഗരത്തിൽ സ്കൂളുകളുടെ പരിസരങ്ങളിൽ ക്ലാസ്സുകൾ ആരംഭിക്കുന്ന സമയത്തും വിടുന്ന സമയത്തുമൊക്കെ ട്രാഫിക് പോലീസിനെ വിന്യസിപ്പിക്കാറുണ്ട്. മറ്റു നഗരങ്ങളിലും ഇത്തരം നടപടികൾ സ്വീകരിക്കാവുന്നതാണ്. വളരെ വ്യക്തമായിട്ടുള്ള മുന്നറിയിപ്പു ബോർഡുകളും ട്രാഫിക് സിഗ്നലുകളും ചിലയിടത്ത് ഹമ്പുകളുമൊക്കെ വച്ചിട്ടുണ്ടെങ്കിലും ഇതു ലംഘിക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പോലീസ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട ഉണ്ണിയാടൻ ചോദിച്ചതുമായി ബന്ധപ്പെട്ടാണ് ചോദിക്കുന്നത്. സ്കൂളുകളുടെ മുമ്പിൽ, സ്കൂളുകൾക്കുതന്നെ ധാരാളം വാഹനങ്ങളുണ്ട്. സ്കൂളുകൾക്കു സ്വന്തമായിട്ടുണ്ട്, പിന്നെ സ്കൂളുകളിൽ കുട്ടികളെ കൊണ്ടുവരുന്ന ഒരുപാട് വാഹനങ്ങളുണ്ട്. ഈ തിരക്കും വരും, അല്ലാതെ തന്നെ നഗര ഹൃദയ ഭാഗങ്ങളിലൊക്കെയുള്ള സ്കൂളുകളുടെ മുമ്പിൽ രാവിലെയും വൈകിട്ടും വളരെ ബുദ്ധിമുട്ടാണ് കുട്ടികൾക്ക് കടന്നു പോകാനും റോഡ് മുറിച്ചു കടക്കാനുമെല്ലാം. ഇത് കണക്കിലെടുത്ത് ചില സിറ്റികളിലൊക്കെ ട്രാഫിക് പോലീസ് ഉണ്ട്. ഇപ്പോൾ തിരുവനന്തപുരത്ത് ഉൾപ്പെടെ വളരെക്കുറച്ചു പേരേയുള്ളൂ. അത്രയുമേ കഴിയുന്നുള്ളൂ. അതുകൊണ്ട് പല സന്ദർഭങ്ങളിലും സ്കൂൾ പി.ടി.എ. മുൻകൈയെടുക്കാൻ തയ്യാറാകണം. ട്രാഫിക് പോലീസുമായി ആലോചിച്ച് ചില വോളന്റിയേഴ്സ് പോലെയുള്ള നോൺ ഗവൺമെന്റൽ ഓർഗനൈസേഷനെ ഉൾപ്പെടെ ബന്ധപ്പെടുത്തിക്കൊണ്ട് ഈ സന്ദർഭങ്ങളിൽ സ്കൂളിന്റെ മുന്നിൽ ഡ്യൂട്ടിക്ക് നിർത്താൻ കഴിയുന്ന വിധത്തിൽ ആലോചിക്കുമോ ? തൃശൂരിൽ നടത്തിയ ഒരു പരീക്ഷണം വിജയകരമാണെന്നു കണ്ടതുകൊണ്ടുകൂടിയാണ് ഞാൻ ഈ ചോദ്യം ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. ഇതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇത് പരിഗണിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ഗതാഗത കുരുക്കുള്ള നഗരം എന്നു പറയുന്നത് കൊച്ചി നഗരമാണ്. നിത്യവും വന്നുവന്ന് കൽക്കട്ടാ മോഡൽ ആയിക്കൊണ്ടിരിക്കുന്നു ഗതാഗത പ്രശ്നം. കൽക്കട്ടയിൽ എല്ലാ വണ്ടികളിൻമേലും ഏതെങ്കിലും വണ്ടി വന്നിടിച്ച ഒരു പാടുണ്ടാകും. അതുപോലെ കൊച്ചി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയിട്ട് സബ്വേകളും ഫ്ളൈ ഓവറുകളും കൂടുതലായി നിർമ്മിച്ച്, ഒന്നിന്റെ പോലും നിർമ്മാണം ഇപ്പോൾ പൂർത്തിയായിട്ടില്ല. ഇവ കൂടുതലായി നിർമ്മിച്ച് ഈ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനുള്ള ഗൗരവതരമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഈ പ്രശ്നം വളരെ ഗൗരവമായി തന്നെയാണ് കാണുന്നത്. കൊച്ചി നഗരത്തിലെ ഗതാഗത കുരുക്കിനെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും അറിയാവുന്നതാണ്. സബ്വേകൾ നിർമ്മിക്കുന്ന കാര്യത്തിൽ നേരത്തേ പറഞ്ഞ ക്യാപ്പിറ്റൽ ഡവലപ്മെന്റിന്റെ ഭാഗമായി തിരുവനന്തപുരം കഴിഞ്ഞാൽ കൊച്ചി, കോഴിക്കോട് നഗരങ്ങളിലും ഇതുപോലെയുള്ള മേൽപാലങ്ങളും മറ്റ് റോഡുകളുമുണ്ടാക്കി ഗതാഗത തടസ്സം ഒഴിവാക്കുന്നതിനുള്ളള നടപടികൾ സ്വീകരിക്കാനുള്ള പദ്ധതിയാണ് പി.ഡബ്ല്യു.ഡി. രൂപീകരിച്ചിരിക്കുന്നത്.

ശ്രീ. മത്തായി ചാക്കോ : സർ, നാഷണൽ ട്രാൻസ്പോർട്ടേഷൻ ആന്റ് പ്ളാനിംഗ് റിസർച്ച് സെന്ററിന്റെ, (നാറ്റ്പാക്ക്) ഏറ്റവും പുതിയ ഒരു പഠനത്തിൽ അവർ പറയുന്നത് കേരളത്തിൽ ഓരോ 15 മിനിറ്റ് കൂടുമ്പോഴും ഒരു അപകടം ഉണ്ടാകുന്നു എന്നാണ്. നമ്മുടെ രാജ്യത്തു തന്നെ തമിഴ്നാടും മഹാരാഷ്ട്രയും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ റോഡപകടങ്ങളിൽ ആളുകൾ മരിക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ റോഡ് സുരക്ഷയ്ക്കു വേണ്ടിയിട്ടുള്ള മുൻകരുതലുകളും നിലപാടുകളും കൃത്യമായി പഠിച്ചുകൊണ്ട് അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ?

മി. സ്പീക്കർ : അതെങ്ങനെ പറയാനാകും ? എന്തെല്ലാം നടപടികളാണിപ്പോൾ എടുത്തിട്ടുള്ള എന്നുള്ളത് അങ്ങനെ പറഞ്ഞാൽ തീരുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ പി.ഡബ്ല്യു.ഡി. എടുക്കുന്ന നടപടികൾക്ക് പുറമെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്, റവന്യൂ ഡിപ്പാർട്ടുമെന്റ്, ഇവ കോ-ഓർഡിനേറ്റ് ചെയ്ത് പ്രവർത്തിക്കുന്നതിന് ശ്രമിക്കുന്നതാണ്. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കുന്നതു സംബന്ധിച്ച് കർശനമായ ചില നിർദ്ദേശങ്ങൾ, (ഇതു മുഴുവനായി ഇവിടെ വായിക്കാൻ കഴിയില്ല) പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു സംബന്ധിച്ച് കോ-ഓർഡിനേറ്റ് ആയിട്ടുള്ള ഒരു പ്രവർത്തനം നടത്തുന്നതിന് ശ്രമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ വാഹനങ്ങൾ എത്ര സൂക്ഷിച്ചാലും അപകടങ്ങൾ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യം വന്നു നിൽക്കുകയാണ്. അങ്ങ് സബ്‌വേയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സബ്‌വേ ഉള്ള ചില സിറ്റികളുണ്ട്. ഒന്ന് കോഴിക്കോട്. ആറു മണി കഴിഞ്ഞ ശേഷം സാമൂഹ്യ വിരുദ്ധരുടെ ശല്യം ഉണ്ടാകുന്നു എന്നുള്ള സൂചനകളും വാർത്തകളും ഉണ്ടായിട്ടുണ്ട്. സബ്‌വേ തുടങ്ങുന്ന സമയത്ത് ഷോപ്പിംഗ് കോംപ്ലക്സോടുകൂടി എപ്പോഴും ജനവാസം, ജനങ്ങളുടെ അക്സെസ്സിബിലിറ്റി ഉറപ്പു വരുത്തിക്കൊണ്ട് ഒരു സബ്‌വേ തുടങ്ങുന്നതിനു വേണ്ട നടപടിയെടുക്കുമോ ? അതോടൊപ്പം തന്നെ റോഡിന്റെ വീതി കുറയ്ക്കുന്ന വഴിയോര ദൈവങ്ങൾ, രക്തസാക്ഷി മണ്ഡപങ്ങൾ ഇതുരണ്ടും തൊടാൻ ആർക്കും ധൈര്യമില്ല. പേടിയാണ്. പാർട്ടി ഓഫീസുകൾ, യൂണിയൻ ഓഫീസുകൾ, ഇങ്ങനെ നമ്മുടെ സമൂഹത്തിൽ ഈ അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നതിനുള്ള കാര്യങ്ങളെക്കുറിച്ച് ഒരു ജനറൽ കൺസോർഷ്യം ഉണ്ടാക്കുന്നതിനു വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, സബ്‌വേകളുടെ കാര്യം പറഞ്ഞതു ശരിയാണ്. കാരണം വളരെ ഫലപ്രദമായും പ്രയോജനകരമായും നിർവഹിക്കാൻ സാധിക്കുന്നില്ലെങ്കിൽ കോഴിക്കോട് പോലെയുള്ള സംഭവങ്ങൾ ആവർത്തിക്കും. അതിനൊരു നിർദ്ദേശം വയ്ക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ രണ്ടാമത് പറഞ്ഞത് ദൈവങ്ങളുടേയും രക്തസാക്ഷികളുടേയും കാര്യമാണ്. ദൈവങ്ങളേയും രക്തസാക്ഷികളേയും പി.ഡബ്ല്യു.ഡി. ക്ക് മാത്രമായി തൊടാൻ സാധിക്കുകയില്ല. അതിന് പൊതുജനാഭിപ്രായം ആവശ്യമാണ്.

മി. സ്പീക്കർ : ഏതായാലും ശ്രീ. ഹസ്സൻ പറയേണ്ട അത്.

ശ്രീ. ബിനോയ് വിശ്വം : സർ, റോഡ് സുരക്ഷയെ മുൻനിർത്തി പല നഗരങ്ങളിലും സിഗ്നൽ സംവിധാനം ഉണ്ടാകാറുണ്ട്. വാഹനങ്ങൾക്കും കാൽ നടക്കാർക്കുമെല്ലാം സിഗ്നൽ ബാധകമാണെന്നാണ് വയ്പ്. രണ്ടു മൂന്ന് ആഴ്ച കഴിയുമ്പോൾ ഈ സിസ്റ്റം അങ്ങോട്ട് കണ്ണടയ്ക്കും. തിരക്കിനകത്തുകൂടി ഇപ്പോൾ വാഹനങ്ങൾക്കും ആളുകൾക്കും അങ്ങോട്ടും ഇങ്ങോട്ടും ഓടാം. അപകടം നടക്കുന്നു. അതുകൊണ്ട് ഭീമമായ സംഖ്യ മുടക്കി സ്ഥാപിച്ചിട്ടുള്ള ഈ സിഗ്നൽ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നു എന്ന് ഉറപ്പു വരുത്താനായി നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഇവിടെ പറഞ്ഞത് ശരിയാണ്. കറന്റ് ഉപയോഗിക്കുന്നതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ നേരത്തെ പറഞ്ഞതുപോലെ കറന്റ് ഫെയ്‌ലുവർ വരുന്നുണ്ട്. സാങ്കേതിക തകരാറുകൾ വരുന്നുണ്ട്. ഇത് പ്രത്യേകമായി പരിശോധിക്കുന്നതാണ്. ഇതല്ല ഏറ്റവും വലിയ പ്രശ്നം. നമ്മുടെ റോഡുകളുടെ വലിപ്പക്കുറവും ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന വാഹനപ്പെരുപ്പം ജനസംഖ്യാ വർദ്ധന പോലെ കേരളീയ സമൂഹത്തിൽ വാഹനപ്പെരുപ്പം ഒരു വലിയ പ്രശ്നമാണ്. ഇതിനു നമുക്ക് പ്രത്യേക നിയന്ത്രണമൊന്നുമില്ല. ഇപ്പോൾ നിയന്ത്രണാതീതമായി വരുന്ന കാരണങ്ങൾകൊണ്ട് സംഭവിക്കുന്ന ചില തകരാറുകളുണ്ട്. പക്ഷേ ഇത്തരം തകരാറുകൾ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ജനത്തിരക്കുള്ള സ്ഥലങ്ങളിൽ വേഗത കുറയ്ക്കുന്നതിനു വേണ്ടി ഹമ്പുകൾ നിർമ്മിക്കുന്നുണ്ട്. ഈ ഹമ്പുകളാണ് കൂടുതൽ അപകടങ്ങൾ ഉണ്ടാക്കുന്നത്. കാരണം അത് സയന്റിഫിക് ആയിട്ടല്ല. അതുമാത്രമല്ല, അങ്ങയുടെ നിയോജക മണ്ഡലമായ കായംകുളം തന്നെ.....

മി. സ്പീക്കർ : എന്റെ നിയോജക മണ്ഡലം ആറ്റിങ്ങലാണ്.

ശ്രീ. കെ. ബാബു : സർ, ഹമ്പ് നിർമ്മിക്കുമ്പോൾ അത് ശാസ്ത്രീയമായി ഉണ്ടാക്കണം. ഹമ്പുകളിൽ രാത്രികാലങ്ങളിൽക്കൂടി കാണത്തക്ക വിധത്തിൽ റിഫ്ളക്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. എന്നാൽ ഇതിനുകത്ത് മറുവശമുണ്ട്. ഹമ്പുകൾ പല സ്ഥലങ്ങളിലും നിർമ്മിച്ചതിന്റെ ഫലമായി വളരെയധികം അപകടങ്ങൾ കുറഞ്ഞു. അദ്ദേഹം കായംകുളത്തിന്റെ കാര്യം പറഞ്ഞു.

മി.സ്പീക്കർ : അങ്ങയുടെ നിയോജക മണ്ഡലം കായംകുളമാണ്. അങ്ങയുടെ എന്നു പറഞ്ഞാൽ ഞാനാണ്. എല്ലാ മെമ്പർമാരും അങ്ങ് എന്നു പറയുന്നത് ചെയറിനെയാണ്. ഏതു ചോദ്യമായാലും ചെയറിന്റെ സമ്മതമറിയണം. സീനിയർ മെമ്പറായ ബാബുവിന്, അതറിയില്ല എന്നത് കഷ്ടമാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, ഈ സഭയിൽ ഒരു അങ്ങേയുള്ളു. അത് അങ്ങുതന്നെയാണ്. അതിലാർക്കും സംശയമില്ല. കായംകുളത്ത് ഹമ്പ് വരുന്നതിനു മുൻപ് പത്തു പന്ത്രണ്ട് ആളുകൾ നാഷണൽ ഹൈവേ പണി കഴിഞ്ഞപ്പോൾ റോഡ് ആക്സിഡന്റിൽ മരിച്ചു. ഇതു വച്ചതിനു ശേഷം ഒരൊറ്റ അപകടമരണവും ഉണ്ടായിട്ടില്ല. ഇതു വളരെ അസൗകര്യമാണ്. അദ്ദേഹം പറഞ്ഞതുപോലെ ആ അസൗകര്യം റിഫ്ളക്ടർ വയ്ക്കുക, അതിന്റെ നമ്പർ വേണമെങ്കിൽ കുറയ്ക്കുക, ഇത്തരം കാര്യങ്ങൾ ആലോചിക്കാവുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ : സർ, വടക്കേ മലബാറിലെ നാഷണൽ ഹൈവേ വളരെ ഇടുങ്ങിയതും ദിവസവും അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നതുമാണ്. മാത്രമല്ല, വടക്കേ മലബാറിലെ ഹൈവേയിലുള്ള രണ്ട് പ്രധാനപ്പെട്ട പാലങ്ങളും ഇന്ന് അപകടത്തിലാണ്. ഇവ കണക്കിലെടുത്തുകൊണ്ട് ഈ നാഷണൽ ഹൈവേയുടെ വീതി കൂട്ടാനും ബൈപാസ് നിർമ്മാണം ത്വരിതപ്പെടുത്താനും ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ : സർ, അത് അടുത്ത ചോദ്യവുമായി ബന്ധപ്പെട്ടുള്ളതാണ്. അതിന് നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. എ. സുജനപാൽ : സർ, കാൽനടക്കാരുടെ ഒരു പ്രധാന പ്രശ്നം റോഡുകളിൽ ഫുട്പാത്തില്ല എന്നുള്ളതാണ്. ഉള്ള ഫുട്പാത്തുകളിൽ തന്നെ കോൺക്രീറ്റൊക്കെ പൊട്ടി ആളുകളൊക്കെ വീണ് മരിക്കുന്ന സംഭവങ്ങൾ വേറെയുണ്ട്. കോഴിക്കോട് മാവൂർ റോഡിൽ ഒരു പോലീസുകാരൻ വീണ് മരിച്ചു.

ഒട്ടനവധി ആളുകളുടെ കയ്യും കാലും പൊട്ടിയ അനുഭവങ്ങൾ വീണ്ടും ഉണ്ടാവുകയാണ്. അതുകൊണ്ട് പി.ഡബ്ല്യൂ.ഡി റോഡുകളിലെങ്കിലും ഫുട്പാത്ത് നിർമ്മാണത്തിന് വേണ്ടി മുൻഗണന നൽകാനുള്ള പ്രത്യേകമായ പദ്ധതികൾ ആവിഷ്ക്കാരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണ് ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. അത് തിരുവനന്തപുരം നഗരത്തിൽ നിന്ന് ആരംഭിക്കുകയാണ്. ഫുട്പാത്തുകൾ നിർമ്മിക്കുന്നത് മറ്റ് നഗരങ്ങളിലും വ്യാപിപ്പിക്കുകയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഡ്രെയിനേജിന്റെ എസ്റ്റിമേറ്റ് ആദ്യം കട്ട് ചെയ്യുകയാണ്. ഡ്രെയിനേജിന്റെ എസ്റ്റിമേറ്റ് കട്ട് ചെയ്യുന്നതിന്റെ ഭാഗമായി റോഡിന്റെ സൈഡ് ഇടിഞ്ഞ് വലിയ എഡ്ജ് രൂപപ്പെടുന്നു. ഇതിന്റെ ഭാഗമായി മഴവെള്ളം റോഡിലൂടെ ഒഴുകി റോഡിന്റെ ലൈഫ് പീരീഡും കുറയുകയാണ്. ഇത് വമ്പിച്ച രൂപത്തിൽ വാഹനാപകടങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ ഡ്രെയിനേജുകൾ നമ്മുടെ എല്ലാ റോഡുകളിലും ഉണ്ടാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതുപോലെ സാമ്പത്തിക ബാദ്ധ്യതയുള്ളതും പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കേണ്ടതുമായ കാര്യമാണ്. അത് ഗൗരവമായി തന്നെ പരിഗണിക്കുന്നതാണ്. അതിനെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ നടക്കുകയാണ്. ഡ്രെയിനേജ് ഇല്ലായെന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ്. അത് സംസ്ഥാനത്ത് ഒട്ടാകെയുള്ള പ്രശ്മാണ്. നയപരമായ ഒരു തീരുമാനം ഗവൺമെന്റ് കൈകൊള്ളുന്നതാണ്. പി.ഡബ്ല്യൂ.ഡി അത് ചിന്തിക്കുന്നതാണ്.

ശ്രീ. കെ. മുഹമ്മദാലി : സർ, കൊച്ചിയിലെ ഗതാഗത കുരുക്കിന്റെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. സംസ്ഥാനത്ത് തന്നെ ഏറ്റവും ഗതാഗത കുരുക്കുള്ള റോഡാണ് പാലാരിവട്ടം മുതൽ എറണാകുളം വരെയുള്ള റോഡ്. ഇവിടെ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നിന്ന് മറൈൻ ഡ്രൈവ് വരെ രണ്ട് നില റോഡ് നിർമ്മിക്കുവാനുള്ള നിർദ്ദേശം മുൻപുണ്ടായിരുന്നു. ആ നിർദ്ദേശവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതായി പറയാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അതിന് പ്രത്യേകമായിട്ട് ചോദ്യം വേണം.

ശ്രീ. എം. വി. ജയരാജൻ : സർ, നമ്മുടെ റോഡ് സുരക്ഷകൂടി കണക്കിലെടുത്തു കൊണ്ടാണ് റോഡ് ഫണ്ട് മൊബിലൈസ് ചെയ്തത്. ആ റോഡ് ഫണ്ടിൽ നമ്മുടെ സംസ്ഥാനത്ത് പുതിയ റോഡുകൾ നിർമ്മിക്കുക, അതുപോലെതന്നെ നിലവിലുള്ള റോഡിന്റെ വീതി കൂട്ടുക, നിലവിലുള്ള റോഡ് തന്നെ standardise ചെയ്യുക അതോടൊപ്പം പുതിയ റോഡുകൾ പണിയുമ്പോൾ മറ്റ് പാശ്ചാത്യ രാജ്യങ്ങളിലൊക്കെ കാണുന്നതുപോലെ പുനരധിവാസ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ഉൾപ്പെടുത്തുക, ഇതെല്ലാം തന്നെ ലക്ഷ്യമായി പറഞ്ഞിട്ടുള്ളതാണ്. റോഡ് സുരക്ഷയെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ പ്രശ്നം മുഖ്യമായി കണക്കിലെടുത്തുകൊണ്ട് റോഡ് ഫണ്ട് ഈ കാര്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, എല്ലാം അതിൽ ഉൾക്കൊള്ളുന്നതാണ്. റോഡ് ഫണ്ട് ഇതിന്റെ ഭാഗമായിട്ട് തന്നെയാണ് വരുന്നത്. ഒഴിപ്പിക്കുക അവരെ പുനരധിവസിപ്പിക്കുക, ഇത്തരം കാര്യങ്ങൾ. ഇതെല്ലാം സമഗ്രമായി തന്നെ അതിൽ ഉൾക്കൊള്ളുന്നതുകൊണ്ട് ആ കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, റോഡ് മുറിച്ച് കടക്കൽ പട്ടണങ്ങളിൽ മാത്രമല്ല ഗ്രാമപ്രദേശങ്ങളിലും ഇന്ന് ഒരു പ്രശ്നമായി മാറിയിട്ടുണ്ട്. റോഡ് സുരക്ഷയ്ക്ക് ഫ്ളൈഓവർ, ബൈപ്പാസ്, സിഗ്നൽ സഹായം എന്നിവ ഉണ്ടെങ്കിലും പൗരബോധം ഉണ്ടാകാത്തിടത്തോളം കാലം ഇതിന് രക്ഷയുണ്ടാവില്ല. അതുകൊണ്ട് വിദ്യാർത്ഥികളിൽ ഇതിന് ക്ലാസും പരിശീലനവും നൽകുന്ന ഒരു ഏർപ്പാട് വെഹിക്കിൾ ഇൻസ്പെക്ടേഴ്സ്, സ്കൂൾ അധികൃതർ, കോളേജ് അധികൃതർ എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ നടത്താനുള്ള സംവിധാനം ഉണ്ടാക്കാൻ ആലോചിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഇക്കാര്യത്തിൽ ഒരു കമ്മ്യൂണിറ്റി അവെയർനെസ്സ് ഉണ്ടാക്കുന്നതിന് വേണ്ടിയാണ് നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസുമായി ബന്ധപ്പെട്ടുകൊണ്ട് പ്രചരണ പരിപാടികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ വേണ്ടി സി.ഡി., വി.സി.ഡി. ഇതൊക്കെ ഉണ്ടാക്കി റോഡ് സുരക്ഷയെക്കുറിച്ച് അവരുടെ സ്കൂളുകളിലും കോളേജുകളിലും അവരെ ബോധവൽക്കരിക്കാനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, 1980-ൽ കോഴിക്കോട് ഉണ്ടാക്കിയ സബ്വേയുടെ മെയിന്റനൻസിലും കൺസ്ട്രക്ഷനിലും വന്ന അപാകത കൊണ്ട് സബ്വേയിൽ വെള്ളം കെട്ടിനിൽക്കുന്നത് കൊണ്ട് ആളുകൾ പോകുന്നില്ല. അതിനുശേഷം മദ്രാസിലും കോയമ്പത്തൂരിലും തുടങ്ങിയത് അവിടെ ഇന്ന് വ്യാപകമാണ്. സബ്വേയ്ക്ക് ഏഴോ എട്ടോ അടി ഉയരം മതി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് തിരുവനന്തപുരത്ത് മുകളിലൂടെയുള്ള പാലത്തിന് പന്ത്രണ്ടോ ഇരുപതോ അടി വേണ്ടി വരും എന്നാണ്. നമ്മുടെ ആളുകൾക്ക് കയറിയിറങ്ങുന്നതിന് എളുപ്പമല്ല. അതുകൊണ്ട് വ്യാപകമായി സബ്വേ തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, വ്യാപകമായി സബ്വേ തുടങ്ങണമെന്നുള്ള നിർദ്ദേശം ഉണ്ടെങ്കിലും ഈ സബ്വേകളെക്കുറിച്ച് സഭയിൽ തന്നെ മെമ്പർ പറഞ്ഞു. അത് പരിഹരിക്കുന്നതിനെക്കുറിച്ച് പലതരത്തിലുള്ള പ്രശ്നങ്ങളുണ്ട്. അത് ദുരുപയോഗം ചെയ്യുന്നു എന്നുള്ളതാണ്. അപ്പോൾ ആ ദുരുപയോഗം ഒഴിവാക്കിക്കൊണ്ട് സബ്വേകൾ എങ്ങനെ ഫലപ്രദമാക്കാമെന്ന് ആലോചിക്കുന്ന അവസരത്തിൽ, അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൂടുതൽ സബ്വേകൾ നിർമ്മിക്കുന്നത് ആലോചിക്കാൻ സാധിക്കു.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, കാൽനടയാത്രക്കാർക്ക് സംരക്ഷണം നൽകുവാൻ അറിയാവുന്ന മാർഗ്ഗങ്ങളൊക്കെ ആരംഭിച്ചതായി അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ കണ്ണൂർ പോലെയുള്ള ചെറിയ പട്ടണങ്ങളിൽ ചില പദ്ധതികൾ ആരംഭിച്ചെങ്കിലും ഇന്ന് അതൊന്നും പ്രായോഗിക തലത്തിൽ നടക്കുന്നില്ലെന്ന് മാത്രമല്ല കാൽനടക്കാരന്റെ ജീവൻ ഡ്രൈവർമാരുടെ ദയാദാക്ഷിണ്യത്തിലായിരിക്കുന്നുവെന്നുള്ള വസ്തുത അങ്ങേയ്ക്കറിയാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, കാൽനടക്കാരന്റെ കാര്യം കഷ്ടമാണ്. അത് ഇല്ലെന്ന് ഞാൻ പറയുന്നില്ല. അതിൽ വാഹന പെരുപ്പവും റോഡുകളുടെ വീതിക്കുറവുമാണ് പ്രധാന കാരണം. അത് പരിഹരിക്കുന്നതിനും കാൽനടയാത്രക്കാർക്ക് കൂടുതൽ സുരക്ഷിതത്വം നൽകുന്നതിനും ആവശ്യമായ നിയമ നടപടികൾ ഒരു വശത്ത്, ബോധവൽക്കരണ നടപടികൾ മറുവശത്ത്, ഇതിനെല്ലാം പുറമെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ക്രോഡീകരിച്ചുള്ള പ്രവർത്തനം ഇതെല്ലാം യോജിച്ച് വരുമ്പോൾ മാത്രമേ ഈ പ്രശ്നത്തിന് കുറേയെങ്കിലും പരിഹാരമുണ്ടാക്കാൻ കഴിയൂ.

ശ്രീ. പി. സി. ജോർജ് : സർ, അടുത്തകാലത്ത് പി.ഡബ്ല്യൂ.ഡി. എടുത്ത ഒരു വീഡിയോ ചിത്രം കാണാനിടയായി. തിരുവനന്തപുരം മുതൽ കോട്ടയം വരെയുള്ള യാത്രയ്ക്കിടയിൽ കാൽനടയാത്രക്കാർക്ക് മാത്രമല്ല വാഹനം ഓടിച്ചുകൊണ്ട് പോകുമ്പോൾ ബസ്ബേ ഇല്ലാതെ ബസുകൾ അടുത്തടുത്ത് ഇടുന്നതിനാൽ മറ്റുബസുകളും യാത്രയ്ക്കിടയിൽ തന്നെ നിറുത്തുകയാണ്. 40 മിനിട്ടാണ് തിരുവനന്തപുരം കോട്ടയം യാത്രയ്ക്കിടയിൽ ഒരു വാഹനമോടിക്കുന്ന ആൾക്ക് നഷ്ടപ്പെടുന്നത്. ഇതിന് കാരണം ബസ്ബേ ഇല്ലെന്നുള്ളതാണ്. പി.ഡബ്ല്യൂ.ഡി. റോഡ് പണിയുമ്പോൾ നിർബന്ധമായി ബസ് സ്റ്റോപ്പുകളിൽ ബസ്ബേ പണിയാനുള്ള തീരുമാനമെടുക്കുകയും ഇത്തരത്തിൽ വണ്ടികൾ നിറുത്തണമെന്ന് നിർബന്ധമുള്ള ഡ്രൈവർമാരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, വളരെ അലക്ഷ്യമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലവും ബസ്ബേ ഇല്ലാത്തതുകൊണ്ടും ചില ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. ഗ്യാരേജുകളിലൊക്കെ തന്നെ ലോറികൾ റോഡിൽ സുഗമമായ യാത്രാ സൗകര്യം ശ്രദ്ധിക്കാതെ ഇഷ്ടാനുസരണം ഓരാരുത്തരും പാർക്ക് ചെയ്യുകയാണ് ഇപ്പോൾ അതിന് പരിഹാരമുണ്ടാക്കാൻ കളമശ്ശേരിയിൽ ലോറികൾ പാർക്ക് ചെയ്യാൻ പ്രത്യേകമായിട്ടുള്ള ഒരു പുതിയ സംരംഭം ആരംഭിച്ചിട്ടുണ്ട്. അത് ഒരു ഗൾഫ് മലയാളി സംരംഭമാണ്. അതുപോലുള്ള സംരംഭങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ഇങ്ങനെ അനധികൃതമായി, നിയമവിരുദ്ധമായി പാർക്ക് ചെയ്ത് ഗതാഗത തടസ്സമുണ്ടാക്കുന്നവർക്കെതിരെ കർശനമായ നടപടിയെടുക്കുന്നതിന് പോലീസിനോട് ആവശ്യപ്പെടുകയും ചെയ്യാം.

ശ്രീ. എ. എൻ. രാജൻബാബു : സർ, കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ 2000-ൽ നിലവിൽ വന്നു. അതിനുശേഷവും റോഡ് കയ്യേറ്റങ്ങൾ നടക്കുകയാണ്. വീടുകൾ വയ്ക്കുമ്പോൾ റോഡിൽ നിന്നുള്ള അകലം പാലിക്കുന്നില്ല. ജാഥകളും

LIBRARY ARCHIVES Kerala Legislative Assembly

പ്രകടനങ്ങളും നടത്തുമ്പോൾ കാൽനടക്കാർക്ക് റോഡ് മുറിച്ചുപോകുന്നതിന് അവസരങ്ങൾ ഉണ്ടാക്കണമെന്ന ഹൈക്കോടതിയുടെ വിധിയുമുണ്ട്. ഇതെല്ലാം സുശക്തമായി പാലിക്കുന്നതിന് വേണ്ടി ഒരു റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ച് നടപടികളെടുക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, നല്ല ആശയമാണ്. നമുക്ക് അത് ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ് : സർ, തെരുവ് സംസ്കാരം എന്നുപറയുന്നത് വളരെ തെറ്റായ ഒരു ആശയത്തിലാണെങ്കിലും ഇന്ന് നമ്മുടെ നാട്ടിൽ യഥാർത്ഥത്തിൽ ഒരു തെരുവ് സംസ്കാരം ആവശ്യമായി വന്നിരിക്കുകയാണ്, നല്ല അർത്ഥത്തിൽ. കാരണം മോട്ടോർ വാഹന ജീവനക്കാരും വിദ്യാർത്ഥികളും അതുപോലെതന്നെ പോലീസുകാരും എല്ലാം കൂടിക്കുഴഞ്ഞാണ് ഈ സിസ്റ്റം കിടക്കുന്നത്. സ്ക്കൂൾ സമയവും ഓഫീസ് സമയവും ഒരൽപ്പം വ്യതിയാനത്തോടെ ക്രമീകരിക്കാൻ തയ്യാറായാൽ പ്രധാനപ്പെട്ട ട്രാഫിക് കുരുക്കുകൾ ഒഴിവാക്കാൻ കഴിയും. അങ്ങനെയൊരു ക്രമീകരണം നടത്തിയാൽ, ബസ്സിൽ നിന്ന് കുട്ടികളെയൊക്കെ എടുത്തെറിയുകയും വലിച്ച് ചാടിക്കുകയും ചെയ്യുന്നതൊക്കെ ഒഴിവാക്കാനും കഴിയും. ഇതിനെ സംബന്ധിച്ച് ഒരു ആലോചന ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ ?

മി. സ്പീക്കർ : തെരുവ് സംസ്കാരം എന്ന് പറയുന്നതിനേക്കാൾ ട്രാഫിക് സെൻസ് എന്ന് പറഞ്ഞാൽ മതി.

ശ്രീ. എം. എം. ഹസ്സൻ : സർ, ഇതിനേക്കാൾ നല്ലത് റോഡ് സെൻസ് ഉണ്ടാക്കണം. നമ്മുടെ ആളുകൾ അത്യാവശ്യം അറിയേണ്ടത് റോഡിൽ എങ്ങനെ വാഹനം ഓടിക്കണം, എങ്ങനെ യാത്ര ചെയ്യണമെന്നതാണ്. പെഡസ്ട്രിയൻസിനായാലും വാഹനങ്ങൾ ഓടിക്കുന്നവർക്കായാലും റോഡ് സെൻസ് കുറവാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെല്ലാം നല്ല നിർദ്ദേശങ്ങളാണ്. പക്ഷേ അതെല്ലാം വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് തീരുമാനിക്കേണ്ട കാര്യമാണ്. ഈ നിർദ്ദേശം ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ജയരാജൻ : സർ, ഈ വാഹനങ്ങളുടെ അതിവേഗത നിയന്ത്രിക്കുന്നതിനു വേണ്ടി ഹമ്പുകൾ സ്ഥാപിക്കണമെന്നാണ് ഗവൺമെന്റ് പറയുന്നത്. ഹമ്പുകൾക്ക് ആവശ്യമായ സിഗ്നലുകൾ നൽകാത്തതിന്റെ ഫലമായി പലപ്പോഴും അപകടങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ട് ഹമ്പുകളെക്കാളും സുരക്ഷകിട്ടുന്നത് ഈ റമ്പിൾ സ്ട്രിപ്പുകളാണ് എന്നുള്ള അഭിപ്രായമുണ്ട്. ആ റമ്പിൾ സ്ട്രിപ്പുകൾ കൂടുതലായി വച്ചുകൊണ്ട് വാഹനങ്ങളുടെ അതിവേഗത നിയന്ത്രിക്കാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, അത്തരം പല നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ എല്ലാ ബസ്സുകളിലും മറ്റ് ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങളിലും വേഗത നിയന്ത്രണ സംവിധാനം നിഷ്ക്കർഷിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇക്കാര്യത്തിൽ കൂടുതൽ സിഗ്നൽസ് ദൃശ്യമാകുന്ന രൂപത്തിൽ ബഹമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പലതും ട്രാൻസ്പോർട്ട് മന്ത്രി മറുപടി പറയേണ്ട കാര്യങ്ങളാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അനധികൃതമായ പാർക്കിംഗിന് കർശനമായ നടപടി സ്വീകരിക്കുമെന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഉടനീളം വാഹനങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നു. വിദേശ രാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും പാർക്കിംഗ് പ്ലെയ്സുകൾ ഗവൺമെന്റ് തന്നെ ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, വാഹനങ്ങളുടെ എണ്ണം വളരെ വർദ്ധിക്കുകയാണ്. റോഡുകളിൽ ഓവർ ടേക്ക് ചെയ്യാൻപോലും കഴിയുന്നില്ല. ചേർത്തല മുതലുള്ള റോഡുകളിൽ അല്ലാതെ മറ്റൊരിടത്തും ഓവർ ടേക്ക് ചെയ്യാൻ പറ്റില്ല. ഇനി റോഡുകൾ ഉണ്ടാക്കുമ്പോൾ പാർക്കിംഗ്ബേ ഉണ്ടാക്കുന്നതിന് പി.ഡബ്ല്യു.ഡി. ആലോചിക്കുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കിയത്. വളരെ അത്യാവശ്യമാണ്. വാഹനങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് നമ്മുടെ റോഡുകൾക്ക് ഫെസിലിറ്റീസ് ഉണ്ടാക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട രാജൻ ബാബു പറഞ്ഞത് ശരിയാണ്. ഈ റോഡുകളുടെയൊക്കെ വക്കിൽ ആളുകൾ കയറി താമസിക്കുകയാണ്. ഇലക്ട്രിസിറ്റി പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും വലിയ ബുദ്ധിമുട്ടായിട്ട് റോഡുകളിൽ നിൽക്കുകയാണ്. ഇത് ഒന്ന് മാറ്റിയാൽ പോലും കുറെക്കൂടി വീതി റോഡിൽ കിട്ടുമെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഇതിനുള്ള ഒരു സമയബന്ധിത പരിപാടി പി.ഡബ്ല്യു.ഡി. ആരംഭിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ പി.ഡബ്ല്യു.ഡി. നിർമ്മിക്കുന്ന റോഡുകളിൽ ഇലക്ട്രിസിറ്റി പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും വളരെ ദൂരെ മാറ്റിയിടുന്നതിന് പുതിയ റോഡ് പണിയുമ്പോൾ ശ്രദ്ധിക്കുന്നുണ്ട്. തിരുവനന്തപുരം മുതൽ ആരംഭിച്ചിരിക്കുന്ന പ്രോജക്ടിൽ ഇക്കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കുന്നതായിട്ടാണ് മനസ്സിലാകുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, തിരുവനന്തപുരം-കന്യാകുമാരി റോഡിൽ ഏതാണ്ട് 34 അനധികൃത ഹമ്പുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതുമൂലം ധാരാളം അപകടങ്ങൾ നിത്യേന ഉണ്ടാകുകയാണ്. അതിന് ഒരു സിഗ്നൽ ബോർഡ് സ്ഥാപിക്കാത്ത സ്ഥിതിയാണ് ഇന്ന് നിലനിൽക്കുന്നത്. ഇത് കൂടുതൽ അപകടങ്ങൾ വിളിച്ചുവരുത്തുകയേയുള്ളു. അതുകൊണ്ട് ഇത്തരത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി അനധികൃത ഹമ്പുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : ഇതൊക്കെ ചോദിച്ചതല്ലേ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഹമ്പുകൾ അനധികൃതമല്ല. അതിന് വേണ്ടത്ര മുന്നറിയിപ്പ് നൽകുന്നതിനുള്ള വാണിംഗ് ബോർഡുകളും അത് രാത്രിയിൽ കൂടുതൽ ദൃശ്യമാക്കാനുള്ള മറ്റ് നടപടികളും സ്വീകരിക്കാമെന്ന് ഇവിടെ പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു : സർ, റോഡ് മുറിച്ച് കടക്കുന്ന കാൽനടയാത്രക്കാർക്ക് ട്രാഫിക് സിഗ്നൽ സഹായകരമാണ്. പക്ഷേ പി.ഡബ്ല്യു.ഡി. പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തിരക്കേറിയ ജംഗ്ഷനുകളിൽ ട്രാഫിക് സിസ്റ്റം സ്ഥാപിക്കുന്നതിന് തുകകൊള്ളിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പുതിയ റോഡുകളുടെ തിരക്കേറിയ ജംഗ്ഷനുകളിൽ ട്രാഫിക് സിസ്റ്റം കൂടി സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഇപ്പോൾ മോട്ടോർ വാഹനവകുപ്പിൽ നിന്ന് ലഭ്യമാകുന്ന ഫണ്ടിൽ നിന്ന് സിഗ്നൽ ലൈറ്റുകൾ കഴിയുന്നത്ര ഘട്ടംഘട്ടമായി സ്ഥാപിക്കാനുള്ള നടപടി എടുത്തുവരുന്നുണ്ട്. ഇപ്പോൾത്തന്നെ എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ 16 ട്രാഫിക് സിഗ്നൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നകാര്യം പി.ഡബ്ല്യു.ഡി. ആലോചിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, വാഹനങ്ങൾ ക്രമാതീതമായി വർദ്ധിച്ചു, റോഡിന്റെ തകരാറും ഡ്രൈവർമാരുടെ റാഷ് ആന്റ് നെഗ്ളിജന്റ് ഡ്രൈവിംഗും അപകടങ്ങൾ വർദ്ധിപ്പിക്കുന്നു. ഇപ്പോൾ ആണെങ്കിൽ മൊബൈൽ ഫോൺ കയ്യിൽ വച്ചുകൊണ്ടാണ് ഡ്രൈവിംഗ് പിന്നെ അപകടം സംഭവിച്ച് മരണപ്പെട്ട് കഴിഞ്ഞാലും 30 (എ) യേയുള്ളൂ ഐ.പി.സി.യിൽ. ബെയിലബിളുമാണ്. ഇതിന്റെയൊക്കെ ഫലമായിട്ടാണ് ഇത്രയും ആക്സിഡന്റുകൾ കേരളത്തിലുണ്ടാകുന്നത്. തമിഴ്നാട്ടിൽ നിന്ന് വരുന്ന ഡ്രൈവർമാർക്കാണെങ്കിൽ ഇതൊന്നും ഒരു പ്രശ്നമേയല്ല. മദ്യം കഴിച്ചിട്ടാണ് അവർ വാഹനം ഓടിക്കുന്നത്. നിർബന്ധമായും നിയമഭേദഗതികളാണ് ഇതിന് ആവശ്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു എം.വി.ആക്ട് നമുക്ക് ഭേദഗതി ചെയ്യാൻ പറ്റില്ലയെന്ന്. മിനിമം എം.വി.ആക്റ്റ് എങ്കിലും ഭേദഗതി ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചുകഴിഞ്ഞാൽ ഈ പെർമിറ്റുകളുടെ കാര്യത്തിലെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ കഴിയും. ഇപ്പോൾ മന്ത്രി പറയുകയാണ് 22 ലക്ഷം ഇവിടെയുണ്ടെന്ന്, 50 ലക്ഷം ആയിക്കോട്ടെ, നമുക്ക് നിയമ ഭേദഗതി ചെയ്യാൻ പറ്റില്ല. എന്നുപറഞ്ഞു കഴിഞ്ഞാൽ വാഹനങ്ങൾ ഇങ്ങനെ വന്നുകൊണ്ടേയിരിക്കും. അതുകൊണ്ട് ഞാൻ ഈ പറഞ്ഞ നാലഞ്ചു കാരണങ്ങളാണ് ആക്സിഡന്റ് ഉണ്ടാക്കുന്നത് എന്ന് മനസ്സിലാക്കി നിയമഭേദഗതിക്ക് ഗവൺമെന്റ് തയ്യാറുണ്ടോ എന്നാണ് എന്റെ ചോദ്യം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, കൺകറന്റ് ലിസ്റ്റിലുള്ള ഏതാനും കാര്യങ്ങൾ കോമ്പീറ്റന്റാണ്. പക്ഷേ സെൻട്രൽ ഗവൺമെന്റ് പെർമിഷൻ തരുകയില്ല എന്നുള്ളതാണ് പ്രശ്നം. ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ശരിയാണ്. കോമ്പീറ്റന്റ് അല്ല എന്ന് ഞാൻ പറഞ്ഞില്ല. അഖിലേന്ത്യാടിസ്ഥാനത്തിൽ ബാധിക്കുന്ന പെർമിറ്റ് ഇഷ്യൂ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഭേദഗതിക്ക് കഴിഞ്ഞ 12 കൊല്ലമായി നമ്മൾ ശ്രമിക്കുകയാണ്. അവർ ഭേദഗതി ചെയ്യാൻ അനുവാദം തരികയില്ല. വടക്കേ ഇന്ത്യയുടെ അടിസ്ഥാനത്തിൽ അതുകൊണ്ട് ഭേദഗതി ചെയ്യാൻ അവകാശമില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നല്ല, കൺകറന്റ് ആയതുകൊണ്ട് ഒന്നുകിൽ പ്രയർ പെർമിഷൻ വാങ്ങണം. അല്ലെങ്കിൽ നിയമസഭ പാസ്സാക്കിയാൽ ആ ബില്ലിന് പ്രസിഡന്റിന്റെ അസന്റ് കിട്ടണം. സാധാരണയായി നമ്മൾ അങ്ങനെ ചെയ്യാറില്ല, നേരത്തെതന്നെ പെർമിഷൻ വാങ്ങിച്ചുകൊണ്ട് ലെജിസ്ലേഷനിലേക്ക് പോവുകയാണ് പതിവ്. അങ്ങ് പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. പക്ഷേ നമുക്ക് നിയമ നിർമ്മാണത്തിന് വളരെ പരിമിതമായ സൗകര്യങ്ങളെയുള്ളൂ. പിന്നെ റോഡ് സേഫ്റ്റി ആക്ടിനെക്കുറിച്ച് പറഞ്ഞു. അങ്ങനെ നമ്മൾ ഒരു നിയമം കൊണ്ടുവരുന്നുണ്ട്. ഈ സഭയിൽത്തന്നെ കൊണ്ടുവരാനാണ് ആലോചിക്കുന്നത്. ബ്രീത്ത് അനലൈസർ പോലെയുള്ള കാര്യങ്ങൾ നമ്മൾ ഏർപ്പെടുത്തിയിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർക്കും പോലീസിനും ഇത് കൊടുത്തിട്ടുണ്ട്. എല്ലാ ദിവസവും കുറെ ആളുകൾ മദ്യപിച്ച് വാഹനം ഓടിക്കുന്നുണ്ട്. ഹെവി വെഹിക്കിൾസാണ് കൂടുതൽ അപകടങ്ങൾ ഉണ്ടാക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർമാർ അറിഞ്ഞിരിക്കണം, സെപ്റ്റംബർ ഒന്ന് മുതൽ ഒരു വാഹനവും 60 കിലോമീറ്ററിൽ കൂടുതൽ വേഗത്തിൽ പോകാൻ കഴിയാത്ത വിധത്തിലുള്ള സംവിധാനം നമ്മൾ ഏർപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട കോടതിയുടെ വിധിയും ഉണ്ട്. അതുകൂടി വന്നുകഴിഞ്ഞാൽ അപകടങ്ങൾ വളരെ കുറയ്ക്കാൻ കഴിയും.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, നമ്മുടെ റോഡുകൾ മുറിച്ചു കടക്കുന്ന കാൽനടയാത്രക്കാരുടെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്ന് റോഡുകളിൽത്തന്നെ ഇന്ന് നിൽക്കുന്ന ഇലക്ട്രിക്, ടെലഫോൺ പോസ്റ്റുകളാണ്. പി.ഡബ്ല്യു.ഡി.യും നാഷണൽ ഹൈവേ ഡിപ്പാർട്ടുമെന്റും പലപ്പോഴും ആവശ്യപ്പെട്ടിട്ടും വൈദ്യുതി വകുപ്പ് റോഡിനകത്ത് നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നില്ല. അതുകൊണ്ട് അതിനാവശ്യമായ സത്വരമായ നിർദ്ദേശം നൽകാൻ ശ്രമിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, പി.ഡബ്ല്യു.ഡി.[4] വകുപ്പ് മാത്രമായി ചെയ്യേണ്ടുന്ന കാര്യമല്ല. ഇതിന് ഒരു കോ-ഓർഡിനേഷൻ ആവശ്യമാണ്. ഇതിന് വിവിധ ഡിപ്പാർട്ടുമെന്റുകളുമായുള്ള കോ-ഓർഡിനേഷൻ കൊണ്ടേ സാധിക്കൂ, അക്കാര്യത്തിന് പരിശ്രമിക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, കോഴിക്കോട് പട്ടണത്തിൽ, കോഴിക്കോട് ടൗണിൽനിന്ന് സിവിൽ സ്റ്റേഷനിലേയ്ക്ക് പോകുന്ന വഴി ഇലഞ്ഞിപ്പാലം ജംഗ്ഷൻ വലിയ ഗതാഗതക്കുരുക്ക് നേരിടുന്ന ഒരു ജംഗ്ഷനാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് യാത്രക്കാരുടെ സംരക്ഷണം മുൻനിറുത്തികൊണ്ട് സബ്വേ, അതുപോലെ മേൽപ്പാലം ഇതെല്ലാം നിർമ്മിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് ഇത്തരം കാര്യങ്ങൾ ആവിഷ്ക്കരിക്കുന്ന സമയത്ത് നിരവധി കച്ചവടക്കാരെ ഒഴിപ്പിക്കേണ്ടിവരും. അപ്പോൾ സ്ഥലം അക്വയർ ചെയ്തുകൊടുക്കേണ്ടിവരും, അവരുടെ പുനരധിവാസത്തിന്റെ പ്രശ്നമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, ഇതുപോലെയുള്ള ആവശ്യങ്ങൾക്ക് എവിക്ഷൻ ആവശ്യമായി വരും. അവരെ പുനരധിവാസം നടത്തുന്നതിന് ഗവൺമെന്റ് മുൻകാലങ്ങളിൽ സ്വീകരിച്ചിട്ടുള്ളതുപോലെതന്നെ പരമാവധി സഹായകരമായ നടപടി സ്വീകരിക്കുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. എവിക്ഷനുവേണ്ടി പി.ഡബ്ല്യു.ഡി. പ്രത്യേകമായ പ്രവർത്തനങ്ങൾ നടത്തി കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എ. വാഹീദ് : സർ, ഏറ്റവും കൂടുതൽ റോഡ് അപകടങ്ങൾ നടക്കുന്ന ഏറ്റവും നീളം കൂടിയ നാഷ്ണൽ ഹൈവേയുള്ള ഒരു പ്രദേശമാണ് കഴക്കുട്ടം. പല അപകടങ്ങളിലും അപകടം സംഭവിച്ചതിനുശേഷം വണ്ടികൾ നിറുത്താതെ പോകുന്നു ആ വണ്ടികൾ കണ്ടുപിടിക്കാൻ പലപ്പോഴും കഴിയുന്നില്ല. അപകടപ്പെട്ട വണ്ടികളിൽ തന്നെ പലതിനും ആർ.സി. ബുക്കോ, ഇൻഷ്വറൻസ് പേപ്പറോ ഉണ്ടാവുകയില്ല. ഇതുകൊണ്ട് ജീവച്ഛവങ്ങളായി കഴിയുന്ന ഒരുപാട് ആൾക്കാർ എന്റെ നിയോജകമണ്ഡലത്തിലുണ്ട്. അവർക്ക് ഒരു സഹായവും ലഭിക്കാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് ഇത്തരത്തിൽ വരുന്ന അപകടങ്ങൾക്ക് സംരക്ഷണവും സഹായവും ഏർപ്പെടുത്തുന്നതിനു വേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതിക്ക് സർക്കാർ തയ്യാറാകുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, അതിന് റോഡ് സുരക്ഷാഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽതന്നെ ഒരു ബില്ല് ഈ സഭയിൽതന്നെ അവതരിപ്പിക്കാൻ തയ്യാറായിട്ടുണ്ട്. അങ്ങ് പറഞ്ഞ ഈ കാര്യങ്ങൾക്ക് പ്രതിവിധി എന്നുള്ള നിലയിൽ റോഡ് അപകടത്തിൽ വണ്ടി കണ്ടുപിടിച്ചില്ലെങ്കിൽ പോലും വണ്ടിയുടെ നമ്പർ അറിഞ്ഞില്ലെങ്കിൽ പോലും രജിസ്ട്രേഷൻ ഇല്ലെങ്കിൽപോലും റോഡ് അപകടത്തിലാണ് പരിക്ക് പറ്റിയതെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റുള്ള ആളുകൾക്ക് ആനുകൂല്യം കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് വളരെ ശക്തമായി മുന്നോട്ട് നിങ്ങുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, റോഡ് മുറിച്ചു കടക്കുന്ന ആളുകളെ സംബന്ധിച്ച് ഇപ്പോഴുള്ള ഒരു പ്രധാന ആവശ്യം നാലുവരി പാതയാക്കി കഴിഞ്ഞാൽ റോഡിൽ രാത്രിയും വെളിച്ചം ലഭിക്കുക എന്നുള്ളതാണ്. പഞ്ചായത്തുകളാണ് ഇതിന്റെ പണം അടയ്ക്കുന്നത്. അടൂർ മുതൽ ചേർത്തല വരെയുള്ള നാലുവരി പാതതന്നെ ഉദാഹരണമായി എടുത്താൽ രാത്രിയിൽ ഇരുട്ടാണ്. പഞ്ചായത്തുകൾക്ക് ഇപ്പോഴുള്ള ഫണ്ട് തന്നെ ബഹുമാനപ്പെട്ട ഈ ഗവൺമെന്റ് തീരുമാനമെടുത്ത് തിരിച്ചെടുത്തു. ഈ സാഹചര്യത്തിൽ റോഡുകളിലെ സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്നതിനുവേണ്ടി എന്തെങ്കിലും തീരുമാനം എടുത്തില്ലായെങ്കിൽ പഞ്ചായത്തുകളെക്കൊണ്ട് അത് നിർവ്വഹിക്കുവാൻ കഴിയാതെ വരും. രാത്രി യാത്രക്കാർക്ക് അത് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കും. അതുകൊണ്ട് നാഷണൽ ഹൈവേയിലെങ്കിലും സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്നതിന് ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതിനെ കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഇപ്പോൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് ഇവയാണ് നമ്മുടെ ഹൈവേകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല നിർവ്വഹിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയിലും മറ്റ് കാര്യങ്ങളിലും അങ്ങ് പറഞ്ഞതുപോലെ ചില ബുദ്ധിമുട്ടുകളുണ്ട്. ഇതിന് പി.ഡബ്ല്യൂ.ഡി., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കും.

ശ്രീ. എം. മുരളി : സർ, നാഷണൽ ഹൈവേ ഉൾപ്പടെയുള്ള പ്രധാന റോഡുകളിൽ വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾക്ക് പ്രധാന കാരണവും അതിന്റെ ഇരകളും സൈക്കിൾ യാത്രക്കാർ ഉൾപ്പടെയുള്ള ഇരുചക്ര വാഹന യാത്രക്കാരാണ്. നാല് ലൈൻ റോഡുകളിൽപ്പോലും സൈക്കിൾ യാത്രക്കാർ ഉണ്ടാക്കുന്ന അപകടങ്ങൾ അവർ ഇരയാകുന്ന അപകടങ്ങൾ, ഇന്ന് വർദ്ധിച്ചു വരികയാണ്. അതുകൊണ്ട് എനിക്ക് ചോദിക്കുവാനുള്ളത് എക്സ്പ്രസ് ഹൈവേ പോലെതന്നെ എൻ.എച്ചും മറ്റ് പ്രധാനപ്പെട്ട റോഡുകളും ഇനി നിർമ്മിക്കുമ്പോൾ ഇരുചക്ര വാഹനങ്ങൾക്ക് പ്രത്യേകമായി ഒരു വേ, Two wheeler way കേരളത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, നാലുവരി പാതകൾ പൂർത്തിയായി കഴിയുമ്പോൾ ഇത്തരം കാര്യങ്ങൾ നമുക്ക് ആലോചിക്കാവുന്നതാണ്. വാഹനങ്ങൾ ഓടിക്കുന്നവരുടെ അലക്ഷ്യമായ മനോഭാവവും, നമ്മുടെ നാട്ടിൽ ഇപ്പോൾ നിർഭയരായ, ഭവിഷ്യത്തു ചിന്തിക്കാത്ത കുറെ കാൽനടക്കാരുണ്ട്. അവരുടെ അലക്ഷ്യ മനോഭാവം മാറുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിൽ കൂടുതൽ നടപ്പിലാക്കുന്നത്.

-സംസ്ഥാന പാതയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച സഹായം

3 (*632) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. രാജൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പാതയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ എന്തു സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നാലുവരി പാതയുടെ ഭാഗമായി ചേർത്തല മുതൽ പാറശ്ശാലവരെ റോഡ് നിർമ്മാണത്തിനുള്ള സാദ്ധ്യതാ പഠനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസി ആണ് പഠനം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ റോഡുകളുടെ വികസനത്തിനായി പ്രതിവർഷം എത്ര രൂപ കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly